കേരളം സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

<u>വിജ്ഞാപനം</u>

<u>കീം-2026</u>

<u>ആയുർവേദ/ഹോമിയോ/സിദ്ധ/യൂനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം</u>

<u>വെറ്ററിനറി കോഴ്സുകളിലെക് ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്.</u>

2026 ലെ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി / കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) ബയോളജി/ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) മൈക്രോബയോളജി/ ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു.

<u>ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്</u>

ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി / കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) ബയോളജി/ബി.എസ്.സി.-എം.എസ്.സി. (ഇന്റഗ്രേറ്റഡ്) മൈക്രോബയോളജി/ ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **28.10.2026 രാവിലെ 11.00 മണിവരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ '**www.cee.kerala.gov.in**' എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

<u>ആദ്യഘട്ട അലോട്ട്മെന്റിലൂടെ മേൽപ്പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.</u> നിലവിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ ഓപ്ഷൻ കൺഫർമേഷനുശേഷം വിടുതൽ നേടുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥികളുടെ ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതാണ്. എന്നാൽ മൂന്നാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിട്ടില്ലെങ്കിലും രണ്ടാംഘട്ട അലോട്ട്മെന്റിലൂടെ ഉള്ള

അഡ്മിഷൻ നിലവിൽ ഉള്ള പക്ഷം ആയത് നിലനിൽക്കുന്നതായിരിക്കും. അലോട്ട്മെന്റ് നടക്കാതെ ഒഴിവുള്ള കാറ്റഗറി സീറ്റുകൾ ഈ അവസരത്തിൽ കൺവർട്ട് ചെയ്യുന്നതാണ്. വെറ്ററിനറി കോഴ്സുകളിലെക് മാത്രമേ ഈ ഘട്ടത്തിൽ പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കൂ.

28.10.2026 രാവിലെ 11.00 മണിവരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട താൽക്കാലിക അലോട്ട്മെന്റ് **29.10.2026** ന് പ്രസിദ്ധീകരിക്കുന്നതാണ്. തുടർന്ന് അന്തിമ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഒടുക്കിയശേഷം നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>

24.10.2026	ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും സൗകര്യം ലഭ്യമാക്കും.
28.10.2026, 11.00 AM	ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കും.
29.10.2026	മൂന്നാംഘട്ട അലോട്ട്മെന്റ് (താൽക്കാലികം) പ്രസിദ്ധീകരണം
30.10.2026	മൂന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം
31.10.2026 മുതൽ 03.11.2026, 4.00 PM വരെ	ഫീസ് ഒടുക്കി കോളേജിൽ പ്രവേശനം നേടുന്നതിനുള്ള സമയം
03.11.2026, 5.00 PM	OAMS മുഖേന പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം അപ്ഡേറ്റ് ചെയ്യാനുള്ള സമയം

<u>ഫീസ്</u>

ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സി.ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അഡ്മിഷൻ സമയത്ത് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ടി വിദ്യാർത്ഥികൾ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്ന പക്ഷം ഫീസിളവിന് അർഹരല്ലായിരിക്കും.

<u>കുറിപ്പ്</u>

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യുമെന്ന് ഉറപ്പുള്ള കോളേജുകളിലേക്കും കോഴ്സുകളിലേക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. AACCC മാർഗനിർദ്ദേശമനുസരിച്ച് All India Quota യിൽ അഡ്മിഷൻ/അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മൂന്നാം റൗണ്ടിൽ പങ്കെടുക്കാൻ അയോഗ്യരായിരിക്കും.

3 . **27.10.2026, വൈകുന്നേരം അഞ്ചു മണിക്കോ** അതിന് മുൻപോ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് നഷ്ടപ്പെടുത്തി വിടുതൽ ചെയ്യാവുന്നതാണ്.

4. മൂന്നാംഘട്ടത്തിനുശേഷം ഒഴിഞ്ഞുവരുന്ന സീറ്റുകൾ സ്ട്രേ വേക്കൻസി റൗണ്ടിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കായി വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2332120

പ്രവേശന പരീക്ഷാ കമ്മീഷണർ

Digitally signed by Sameer Kishan
Date: 24-10-2026 15:58:01

തിരുവനന്തപുരം

24-10-2026